# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 36** **APRIL 2021** **No. 04**

## എഡിറ്റോറിയൽ

പ്രപഞ്ചവും അതിന്റെ നിലനിൽപും ദൈവത്തിന്റെ അസ്തിത്വത്തെ തെളിയിക്കുന്നു. ഈ ലോകവും അതിലുള്ളതെല്ലാം മനുഷ്യരടക്കം എല്ലാം ദൈവത്തിന്റെ സൃഷ്ടിയാണ്. ദൈവം നിർമ്മിച്ചതെല്ലാം അതിന്റെ ഉദ്ദേശത്തോടെ പ്രവർത്തിച്ചുകൊാണിരിക്കുന്നത്. എല്ലാവർക്കും ആ വസ്തുത ഗ്രഹിക്കുവാൻ കഴിയുന്നില്ല എന്നതാണ് പരമാർത്ഥം. നാം വിശ്വസിച്ചാലും ഇല്ലെങ്കിലും രു കാര്യങ്ങൾ വ്യക്തമാണ്. മനുഷ്യരാൽ ഇതൊന്നും സാധ്യമല്ല എന്നതും അതിന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുവാനും മനുഷ്യർക്ക് കഴിയുകയില്ല. ഞാൻ എന്നെത്തന്നെ തിരിച്ചറിയണം. പിന്നെ നാം ദൈവത്തെ തിരിച്ചറിയണം. അതിനു ശേഷം നമ്മുടെ പരിതസ്ഥിതിയേയും മനസിലാക്കണം. അപ്പോൾ മാത്രമെ ജീവിതം അർത്ഥപൂർണ്ണമാകയുള്ളു. മനുഷ്യരിലെല്ലാം ഒരു ശരീരവും ആത്മാവും ഉ്. അങ്ങനെയാണ് ദൈവം നിർമ്മിച്ചിരിക്കുന്നത്.

ദൈവത്തിൽ നിന്നാണ് ഞാൻ ഉത്ഭവിച്ചത് എന്നതു ഗ്രഹിക്കുമ്പോളാണ് നാം സത്യത്തിലേക്ക് തിരിയുന്നത്. അറിവില്ലാതെ പലരും ജീവിക്കുന്നു എന്നത് യാഥാർത്ഥ്യമാണ്. പക്ഷെ അതു മാത്രമല്ല, അതുകൊ് അവർ നഷ്ടമാക്കുന്ന വിലയേറിയ പലതു്. സത്യദൈവത്തെ അറിയുവാൻ നാം ലോകത്തെ വീക്ഷിക്കുകയും, ദൈവത്തിന്റെ അരുളപ്പാട് തിരിച്ചറിയുകയും വേണം. ദൈവത്തിന്റെ നിത്യശക്തിയും അവന്റെ ദിവ്യത്വവും വെളിപ്പെടുത്തിയിരിക്കുന്നത് നാം വിശ്വസിച്ച് അനുസരിക്കുവാനാണ്. സത്യവും അസത്യവും ഈ

